# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3088** | **07.02.2018-ന് മറുപടിയ്ക്ക്**

**<u>ലൈറ്റ് മെട്രോയ്ക്ക് ഭൂമി ഏറ്റെടുക്കൽ</u>**

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ് | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി, ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് കല്ലിടുന്ന നടപടി ഏതുവരെ പൂർത്തിയായി എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയിൽ, മെട്രോ സ്റ്റേഷനുകൾക്കുവേണ്ടി 198.9326 ആർ സ്ഥലവും ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ ഫ്ലൈ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി 227.63 ആർ സ്ഥലവുമാണ് ഏറ്റെടുക്കുവാനുള്ളത്. ഇവയിൽ പ്രാരംഭ നടപടിയായി ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെ അതിരുകൾ അടയാളപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഈ ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു മാനദണ്ഡത്തിലാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br>എൽ.എ.ആർ.ആർ ആക്ട്, 2013-ലെ ഷെഡ്യൂൾ (1)-ന്റെയും 29/12/2017-ലെ സ.ഉ (സാധാ)നം.448/2017/ആർ.ഡിയുടെയും അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ